# നമ്മുടെ നീര ആഫ്രിക്കയിലേക്ക്: കൂടെ വെർജിൻ ഓയിലും

കൊച്ചി: സ്വാതന്ത്ര്യ ദിനാഘോഷ ഉപഹാരമായി കേരളത്തിന്റെ സ്വന്തം ശീതള പാനീയമായ നീര ദക്ഷിണ ആഫ്രിക്കയിലേക്ക്. ആഗസ്റ്റ് 15ന് നമ്മൾ സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ദക്ഷിണ ആഫ്രിക്കയുടെ ഹൈക്കമ്മിഷൻ അവിടെ നാഷണൽ ഡേയും ആഘോഷിക്കും. ചടങ്ങിൽ പങ്കെടുക്കുന്ന വിശിഷ്ട അതിഥികൾക്കുള്ള ഉപഹാരമായാണ് നമ്മുടെ നീര ആഫ്രിക്കയിലേക്ക് പറക്കുന്നത്. നീര ഉൾപ്പെടുന്ന നാളികേര ഉത്പന്നങ്ങൾ നെടുമ്പാശേരി വിമാനത്താവളം വഴി ആഫ്രിക്കയിലേക്ക് പറന്നു. നാളികേര വികസന ബോർഡാണ് ഉപഹാരം നൽകുന്നത്.



ദക്ഷിണ ആഫ്രിക്കയിലെ ഇന്ത്യൻ ഹൈക്കമ്മിഷണർ രുചി ഘനശ്യാം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസുമായി നടത്തിയ ചർച്ചകളെ തുടർന്നാണ് ഉപഹാരം നൽകാൻ തീരുമാനമായത്. നീര ഹണി, നീര ശർക്കര, സ്പൈസ് ജാഗറി, നീര ഷുഗർ, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് ചിപ്സ് എന്നിവയുടെ 500 വീതം പായ്ക്കറ്റുകളാണ് ദക്ഷിണ ആഫ്രിക്കയിലേക്ക് അയയ്ച്ചത്. ഇതിൽ വെർജിൻ കോക്കനട്ട് ഓയിൽ കേരടെക്കിന്റെയും ചിപ്സ് കൊടുങ്ങല്ലൂർ നാളികേര ഉത്പാദക കമ്പനിയുടെയും ഉത്പന്നങ്ങളാണ്. മറ്റുത്പന്നങ്ങൾ നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലാണ് നിർമ്മിച്ചത്.

നീര ഉൾപ്പെടെ കേരളത്തിന്റെ നാളികേര ഉത്പന്നങ്ങൾക്ക് ദക്ഷിണ ആഫ്രിക്കയിൽ നല്ലൊരു വിപണി കണ്ടെത്താൻ ഉപഹാര സമർപ്പണത്തിലൂടെ കഴിയുമെന്നാണ് നാളികേര വികസന ബോർഡിന്റെ പ്രതീക്ഷ.